# Deepika
# 9 August 2018
# Kannur, Iritty, Landslide

## ഇരിട്ടിയിൽ ഉരുൾപൊട്ടി രണ്ടു പേർ മരിച്ചു

**കണ്ണൂർ:** പേമാരിയും ഉരുൾപൊട്ടലും പ്രളയവുംമൂലം കണ്ണൂർ ജില്ലയുടെ മലയോരം വിറങ്ങലിച്ചു. 17 ഇടങ്ങളിലാണ് ഇന്നലെ ഉരുൾപൊട്ടലുണ്ടായത്. ഇരിട്ടിക്കടുത്ത് എടപ്പുഴ കീഴങ്ങാനത്തുണ്ടായ ഉരുൾപൊട്ടലിൽ ഇമ്മട്ടിക്കൽ തോമസ് (80), മകൻ ജയ്സന്റെ ഭാര്യ ഷൈനി (43) എന്നിവർ മരിച്ചു. നിരവധി വീടുകളും ഏക്കറുകണക്കിന് കൃഷിയിടങ്ങളും നശിച്ചു. കോടികളുടെ നാശനഷ്ടമാണുണ്ടായത്. രണ്ടു ദിവസമായി മലയോരമേഖലയിലെങ്ങും പെയ്യുന്ന കനത്ത മഴയെത്തുടർന്ന് ഇന്നലെ രാവിലെ മുതൽ തുടങ്ങിയ ഉരുൾപൊട്ടൽ രാത്രി വൈകിയും തുടർന്നു. ഇരുന്നൂറിലധികം കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചു.